(സി) തിരുവനന്തപുരത്തുനിന്ന് പാലക്കാട്ടേക്ക് വോൾവോ ബസ്സിന് അഞ്ച് മണിക്കൂർ അമ്പത് മിനിറ്റും, സൂപ്പർഫാസ്റ്റിന് എട്ടുമണിക്കൂർ ഇരുപത്തി അഞ്ചുമിനിട്ടും സൂപ്പർ ഡീലക്സിന് ഏഴ് മണിക്കൂറുമാണ് റണ്ണിംഗ്ടൈം. റണ്ണിംഗ് ടൈം കുറച്ച് നോൺ സ്റ്റോപ്പ് സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൺസഷൻ ഇല്ലാത്തതുമൂലം വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന യാത്രാക്ലേശം

174 (5394) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ കെ.എസ്. ആർ. ടി.സി. ബസ്സ് സർവ്വീസുകളിൽ കൂടുതലും സിറ്റി ഫാസ്റ്റ് ആയതിനാൽ ഇവയിൽ കൺസഷൻ ഇല്ലാത്തതുമൂലം വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന യാത്രാ ക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ ഭാഗമായി കൂടുതൽ ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതിനും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ ബസ്സുകളുടെ സമയക്രമം പുനഃക്രമീകരിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിദ്യാർത്ഥികളുടെ യാത്രാസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി. യുടെ ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസ് ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ചു വരുന്നുണ്ട്. തന്മൂലം വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ പേരൂർക്കട, പാപ്പനംകോട്, വികാസ് ഭവൻ, തിരുവനന്തപുരം സിറ്റി യൂണിറ്റുകളിൽ നിന്നും വെള്ളനാട് യൂണിറ്റിൽ നിന്നുമായി 293 ഓർഡിനറി സർവ്വീസുകൾ കെ.എസ്. ആർ. ടി. സി. നടത്തിവരുന്നുണ്ട്. ഈ സർവ്വീസുകളിലെല്ലാം വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റുമായി യാത്ര ചെയ്യാവുന്നതാണ്.

(സി) തിരുവനന്തപുരം നഗരത്തിൽ നിലവിൽ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന ഓർഡിനറി ബസ്സുകൾ വിദ്യാർത്ഥികളുടെ സൗകര്യം കൂടി കണക്കിലെടുത്താണ് ക്രമീകരിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് മാത്രമായി പുതിയ ഓർഡിനറി സർവ്വീസുകൾ ഏർപ്പെടുത്തുവാൻ കെ. എസ്. ആർ. ടി. സി. യുടെ ഇപ്പോഴത്തെ സാഹചര്യത്തിൽ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly